മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2023 ജനുവരി 5

# വാർത്താക്കുറിപ്പ്

## എം.ജി -ജൊഹാനസ് ബർഗ് സർവകലാശാലകളുടെ സഹകരണം കൂടുതൽ സജീവമാകും-പ്രഫ.ഓലുവതോബി

മഹാത്മാ ഗാന്ധി സർവകലാശാലയും ദക്ഷിണാഫ്രിക്കയിലെ ജൊഹാനസ്ബർഗ് സർവകലാശാലയും തമ്മിലുള്ള സഹകരണം കൂടുതൽ സജീവമാകുമെന്ന് ജൊഹാനസ്ബർഗ് സർവകലാശാലയിലെ പ്രമുഖ ഗവേഷകനായ പ്രഫ. സാമുവൽ ഓലുവതോബി ഓലുവാഫെമി പറഞ്ഞു.

നാനോ പാർട്ടിക്കിൾ സിന്തസിസുമായി ബന്ധപ്പെട്ട പ്രഭാഷണ പരമ്പരയിൽ പങ്കെടുക്കാൻ എത്തിയ അദ്ദേഹം സംയുക്ത ഗവേഷണ പരിപാടികളുടെ സാധ്യതകളെക്കുറിച്ച് എം.ജി. സർവകലാശാലാ അധികൃതരുമായി ചർച്ച നടത്തി.

ഇരു സർവകലാലകളും തമ്മിലുള്ള സഹകരണത്തിൻറെ ഭാഗമായി ഇതിനോടകം ഇരുപതിലേറെ രാജ്യാന്തര ജേണലുകളും പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രഫ ഓലുവതോബിയുടെ സന്ദർശനം യൂറോപ്യൻ യൂണിയൻ പ്രോജക്ടുകൾക്കും സ്റ്റുഡൻറ് എക്സ്ചേഞ്ച് പ്രോഗ്രാമുകൾക്കും സാധ്യത തുറക്കുമെന്ന് പ്രതീക്ഷിക്കുന്നതായി എം.ജി. സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് പറഞ്ഞു.

എം.ജി. സർവകലാശാലയിൽനിന്നുള്ള രണ്ടു വിദ്യാർഥികൾക്ക് ജൊഹാനസ്ബർഗ് സർവകലാശാലയിൽ പി.എച്ച്.ഡി ചെയ്യുന്നതിന് അവസരം നൽകുന്നതു സംബന്ധിച്ച് ധാരണയായിട്ടുണ്ട്. മാസീവ് ഓപ്പൺ ഓൺലൈൻ എം.ഒ.ഒ.സി പ്രോഗ്രാമുകളും സ്റ്റുഡൻറ് എക്സ്ചേഞ്ചും രണ്ട് സർവകലാശാലകളുടെയും അക്കാദമിക് വളർച്ചയ്ക്ക് ഉപകരിക്കുമെന്ന് വൈസ് ചാൻസലർ അഭിപ്രായപ്പെട്ടു.

ജൊഹാനസ്ബർഗ് സർവകലാശാല വിശിഷ്ടാധ്യാപക പദവി നൽകിയിട്ടുള്ള പ്രഫ. സാബു തോമസ് ദക്ഷിണാഫ്രിക്ക സന്ദർശിക്കുമ്പോൾ സഹകരണം സംബന്ധിച്ച തുടർ ചർച്ചകൾ നടത്തും.

**ഫോട്ടോ കാപ്ഷൻ:** പ്രഫ. സാമുവൽ ഓലുവതോബി

(പി.ആർ.ഒ./39/1812/2022)

## സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷിക്കാം

മറവി രോഗികളുടെയും മുതിർന്നവരുടെയും പരിപാലനവും കൗൺസിലിംഗും എന്ന വിഷയത്തിലുള്ള ആറു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിമെൻഷ്യ കെയറും പാലായിലെ ഡിമെൻഷ്യ കെയറും സംയുക്തമായാണ് കോഴ്സ് നടത്തുന്നത്.

പ്രീ ഡിഗ്രി അല്ലെങ്കിൽ പ്ലസ് ടുവാണ് അടിസ്ഥാന യോഗ്യത. പ്രായപരിധിയില്ല

തിയറി ക്ലാസുകൾ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മഹാത്മാഗാന്ധി സർവകലാശാലയിൽ നടക്കും. പരിശീലനം വിവിധ കേന്ദ്രങ്ങളിലായിരിക്കും.

മോഡേൺ മെഡിസിനോടൊപ്പം ആയുർവേദവും ഹോമിയോപ്പതിയും സമന്വയിപ്പിച്ചുള്ള സമഗ്രമായ പരിശീലനം പരിപാടിയാണിത്.

താല്പര്യമുള്ളവർ iucdsmgu@mgu.ac.in എന്ന മെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യണം.

ഫോൺ: 0481 - 2731580, 9288757184

(പി.ആർ.ഒ./39/1813/2022)

## എൽ.എൽ.ബി ഫലം

രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.ബി.എ എൽ.എൽ.ബി (ഓണേഴ്സ് - 2019 അഡ്മിഷൻ റഗുലർ - മാർച്ച് 2022), അഞ്ചാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി (2016,2017 അഡ്മിഷനുകൾ സപ്ലിമെൻററി, 2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2013 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ് - സെപ്റ്റംബർ 2022), ആറാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.കോം എൽ.എൽ.ബി. (ഓണേഴ്സ് - 2018 അഡ്മിഷൻ റഗുലർ - ജൂൺ 2022) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി 19 വരെ പരീക്ഷ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1814/2022)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എസ്.സി സൈക്കോളജി (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി - നവംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 10ന് ആരംഭിക്കും.

..................................

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് - ബി.എ മോഹിനിയാട്ടം, ഭരതനാട്യം (പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017,2018,2019,2020 അഡ്മിഷൻ റീ-അപ്പിയറൻസ് - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 10 മുതൽ 13 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്ട്സിൽ നടത്തും.

..........................................

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് - ബി.എ കഥകളി സംഗീതം, കഥകളി വേഷം (പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017,2018,2019,2020 അഡ്മിഷൻ റീ-അപ്പിയറൻസ് - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 9,10 തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്ട്സിൽ നടത്തും.

...........................................

ഒന്നാം സെമസ്റ്റർ എം.എസ്.സി ഫിഷറി ബയോളജി ആൻഡ് അക്വാകൾച്ചർ (സി.എസ്.എസ്, 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി ഒൻപതു മുതൽ നടത്തും.

......................................

രണ്ടാം സെമസ്റ്റർ എം.എസ്.സി. ഫിസിക്സ് - മെറ്റീരിയൽ സയൻസ് (സി.എസ്.എസ്- 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി ഒൻപത്, 10 തീയതികളിൽ പത്തനംതിട്ട, കാതോലിക്കേറ്റ് കോളജിൽ നടത്തും.

ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1 815/2022)

## പരീക്ഷാ ഫലം

മൂന്നാം സെമസ്റ്റർ എം.എസ്.സി ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി, എം.എസ്.സി പോളിമർ കെമിസ്ട്രി (സി.എസ്.എസ് - 2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ റീ-അപ്പിയറൻസ് - ഏപ്രിൽ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി 18 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1 816/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**